(ബി) ഉണ്ട്.

(സി) ഇതു സംബന്ധിച്ചുള്ള ഉത്തരവ് 25-1-1955-ലെ 4-ാം നമ്പർ ഗസറ്റിൽ പരസ്യം ചെയ്തിട്ടുണ്ട്.

പ്രൈവറ്റ് പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളം.

* 363. [64] ശ്രീ. ഇ. ജെ. ആന്റണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൈവറ്റ് പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാർക്ക് ഗവണ്മെന്റ് പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാർക്കു ലഭിക്കുന്ന ശമ്പളവും അലവൻസും കൊടുക്കുന്നതിനു് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) അതിലേയ്ക്ക് ആവശ്യമായ ഉത്തരവുകൾ പാസ്സാക്കിയിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഈ കാര്യം ഗവണ്മെൻറിന്റെ ആലോചനയിലിരിക്കുകയാണു്.

(ബി) അവസാനതീരുമാനം എടുത്തുകഴിഞ്ഞിട്ടില്ല.

സിലോണിൽനിന്നും മടങ്ങിവരുന്നവർക്ക് സഹായങ്ങൾ.

* 364. [65] ശ്രീ. പി. കെ. ചാത്തൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) 1954-55-ൽ നമ്മുടെ സംസ്ഥാനത്തു് എത്രപേർ സിലോണിൽനിന്നു് സ്ഥിരതാമസം മാറി വന്നിട്ടുണ്ടെന്നു പറയാമോ;

(ബി) സിലോണിൽനിന്നും ഇൻഡ്യൻ വംശീയരായവരെ കൂട്ടത്തോടെ പുറത്താക്കിവരുന്നു എന്ന പരാതി ഗവണ്മെൻറിനു മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ;

(സി) ഇക്കാര്യം ഇൻഡ്യാഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തി സിലോണിൽനിന്നും മടങ്ങിവരുന്നവർക്ക് ഇവിടെ ആവശ്യമായ സഹായങ്ങൾ ചെയ്യുമോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) അറിവില്ല.

(ബി) ഇല്ല.

(സി) സിലോണിൽനിന്നും മടങ്ങിവരുന്നവർക്ക് സഹായങ്ങൾ ചെയ്തുകൊടുക്കുന്ന കാര്യം ഗവണ്മെൻറിന്റെ പരിഗണനയിലിരിക്കുന്നു.

കൈത്തറിനെയ്ത്തുവേതനം.

* 365. [66] പി. ടി. രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സംസ്ഥാനത്തു് 1955-ൽ കൈത്തറിനെയ്ത്തുവേതനം ആസൂത്രിക്കുന്നതിനു് ഗവണ്മെൻറ് എത്ര രൂപ ചെലവാക്കി;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഏതു് ഏജൻസി മുഖേനയാണു് ഈ തുക ചെലവാക്കിയതു്;

(സി) ഈ തുക ശരിയായി വിനിയോഗിച്ചിട്ടുണ്ടോ എന്നു് ഗവണ്മെൻറു് അന്വേഷിച്ചിട്ടുണ്ടോ;

(ഡി) ഈ തുക ദുർവ്വിനിയോഗം ചെയ്തതായി എന്തെങ്കിലും പരാതി ഗവണ്മെൻറിനു ലഭിച്ചിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഈ സംസ്ഥാനത്തു് 1955–ൽ കൈത്തറിവ്യവസായം അഭിവൃദ്ധിപ്പെടുത്തുന്നതിനു് 4,959 രൂപ ചെലവാക്കി.

(ബി) ശ്രീമൂലം സെൻട്രൽ സൊസൈറ്റി, കൊച്ചിൻ ട്രേഡു് ഇൻഡസ്ട്രീസു്, മാക്കറ്റിംഗു് സൊസൈറ്റി, സഹകരണ താലൂക്കു് യൂണിയനുകൾ, താലൂക്കു് സഹകരണബാങ്കുകൾ, കൈത്തറിവ്യവസായ സഹകരണസംഘങ്ങൾ, ഡിപ്പാർട്ടുമെൻറുദ്യോഗസ്ഥന്മാർ എന്നീ ഏജൻസികൾ മുഖേനയാണു് ഈ തുക ചെലവാക്കിയതു്.

(സി) ഉണ്ടു്.

(ഡി) ഇല്ല.

കയർതൊഴിലാളികളുടെ തൊഴിലില്ലായ്മ.

*366. [67] ശ്രീമതി കെ. ആർ. ഗൗരി: താഴെ കാണുന്ന ചോദ്യത്തിനു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കയർവ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ ഇടയിൽ ഉണ്ടായിട്ടുള്ള തൊഴിലില്ലായ്മ പരിഹരിക്കാൻ എന്തെങ്കിലും റിലീഫ് സ്കീം ഈ കൊല്ലം നടത്തുവാൻ ആലോചിക്കുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): ഈ കൊല്ലം പ്രത്യേകമായി യാതൊരു റിലീഫ് സ്കീമും നടത്തുവാൻ ഉദ്ദേശിക്കുന്നില്ല. കയർവ്യവസായത്തിലേർപ്പെട്ടിട്ടുള്ള തൊഴിലാളികളുടെ തൊഴിലില്ലായ്മ ശാശ്വതമായി പരിഹരിക്കുവാൻ ഒരു കയർവികസന പദ്ധതി നടപ്പിൽ വരുത്തിയിട്ടുണ്ടു്. ഈ പദ്ധതിയുടെ പ്രവർത്തനം പൂർത്തിയാകുമ്പോൾ തൊഴിലില്ലായ്മ നിശ്ശേഷം മാറുമെന്നാണു് കരുതുന്നതു്.

Pay of Language Teachers.

*367. [69] SHRI K. A. SIVARAMA BHARATHI: Will the Minister for Education be pleased to state:

(*a*) why the pay of language teachers who were in service before integration and who are working in Cochin schools which have acceded to the P. S. S. Scheme has not so far been fixed; and

(*b*) will early steps be taken to see that the grievances of these teachers are immediately redressed.

Chief Minister (SHRI PANAMPILLI GOVINDA MENON): (*a* & *b*) The salary of almost all the language teachers has

LIBRARY ARCHIVES Kerala Legislative Assembly